LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 47 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതനുസരിച്ച് കേരളത്തിലെ വിവിധ നദീതടങ്ങളിലായി 354 കളങ്ങളുടെ പുനരുദ്ധാരണത്തിന് 72.758 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതുകൂടാതെ 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഈ പദ്ധതി ഉൾപ്പെടുത്തുകയും നിയമസഭ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഈ പദ്ധതിയിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളിലെ കളങ്ങൾ സംബന്ധിച്ച് എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 115 കളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(സി) എം.എൽ.എ.-മാരുടെയും, ബന്ധപ്പെട്ട പഞ്ചായത്തിന്റേയും ശിപാർശ പ്രകാരമാണ് കളങ്ങൾ തിരഞ്ഞെടുക്കുന്നത്. തുകയുടെ പരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല.

തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുക

137 (829) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി പുഴയിൽ തടയണ നിർമ്മിക്കുന്നതിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിൽ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജലസംരക്ഷണത്തിനായി സംസ്ഥാനത്തിലെ പുഴകളിലും തോടുകളിലും 183 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി 106.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 7 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 378 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.